©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

വാല്യം 10 / Vol. X — തിരുവനന്തപുരം, ചൊവ്വ / Thiruvananthapuram, Tuesday — 2021 മാർച്ച് 23 / 23rd March 2021 — 1196 മീനം 9 / 9th Meenam 1196 — 1943 ചൈത്രം 2 / 2nd Chaithra 1943 — നമ്പർ / No. 12

## PART III

# Police Department

NOTIFICATION

No. A5-130331/2020/PHQ. *19th February 2021.*

The following is the Select List of Junior Superintendents fit for promotion as Senior Superintendents/Manager/Accounts Officer for the vacancies for the year 2021 prepared by the Departmental Promotion Committee (Lower) held on 12-1-2021, which was approved by the Government vide Letter No. N1/23/2021/Home dated 16-2-2021.

**Select List of Junior Superintendents for the year 2020 (for the vacancies in 2021)**

| *Sl. No.* | *Name of the Officer* |
|---|---|
| (1) | (2) |
| 1 | M. Balasundaran |
| 2 | Bindhu, J. P. |
| 3 | Sreekumar, A. U. |
| 4 | R. Jayaram |
| 5 | M. V. Baby |
| 6 | Anilashan Kayyil |
| 7 | Leena, K. |
| 8 | Sini Varghese |
| 9 | Suresh Kumar, C. |
| 10 | Molly, T. |
| 11 | T. Praveen |
| 12 | M. R. Sreekala |
| 13 | Sheeba S. Nair |
| 14 | Sheeba Mathew |
| 15 | Annie Mathew |
| 16 | P. M. George Roy |
| 17 | Geetha, G. |
| 18 | P. Suseela |
| 19 | Unnikrishnan, A. |
| 20 | V. K. Balakrishnan |
| 21 | K. N. Sudha |
| 22 | Sony Cyriac |
| 23 | V. N. Kumari Beena |
| 24 | V. K. Azad |
| 25 | Preethakumari, V. |
| 26 | Rajeev, K. M. |

Police Headquarters,
Thiruvananthapuram.

SURENDRAN, S. IPS,
*Deputy Inspector General of Police.*

ലേല പരസ്യം

നമ്പർ ഇ2-11535/2019/എസ്.എ.പി. 2021 മാർച്ച് 5.

തിരുവനന്തപുരം ആംഡ് പോലീസ് ബറ്റാലിയൻ ഹെഡ് ക്വാർട്ടേഴ്സ് മേധാവിയുടെ അധീനതയിലുള്ള രണ്ട് വാഹനങ്ങളുടെയും കമാണ്ടന്റ് കെ. എ. പി. നാലാംദളത്തിന്റെ അധീനതയിൽ ഉള്ളതും കണ്ടം നടപടികൾക്കായി ഈ യൂണിറ്റിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുള്ളതുമായ ഒരു വാഹനത്തിന്റെയും, തിരുവനന്തപുരം സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയൻ മേധാവിയുടെ അധീനതയിലുള്ള ഒരു വാഹനത്തിന്റെയും, എസ്.എ.പി ക്യാമ്പിൽ സൂക്ഷിച്ചിട്ടുള്ളതും, പോലീസ് വകുപ്പിന് ഉപയോഗയോഗ്യമല്ലാത്തതുമായ താഴെപ്പറയുന്ന 4 വാഹനങ്ങൾ 26-4-2021-ാം തീയതിയിൽ തിങ്കളാഴ്ച്ച പകൽ 11 മണിക്ക് എസ്.എ.പി ക്യാമ്പിൽ വച്ച് പരസ്യമായി ലേലം/ടെൻഡർ വഴി വിൽപ്പന നടത്തുന്നതാണ്.

| ക്രമ നമ്പർ | രജിസ്ട്രേഷൻ നമ്പർ | ഇനം | മോഡൽ | നിരതദ്രവ്യം ₹ |
|---|---|---|---|---|
| 1 | KL 01 AH 248 | മഹീന്ദ്ര ബൊലേറോ | 2005 | 6,000 |
| 2 | KL 01 AH 5183 | ബജാജ് സി.റ്റി 100 | 2005 | 150 |
| 3 | KL 01 X 9368 | റ്റാറ്റാ ഓപ്പൺ ലോറി | 2002 | 5,250 |
| 4 | KL 01 AP 1547 | റ്റാറ്റാ വാട്ടർ ടാങ്കർ | 2006 | 11,250 |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം കൃത്യസമയത്ത് ലേല സ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപ് മേൽപ്പറഞ്ഞ വാഹനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ലേലം കഴിഞ്ഞാലുടൻ ലേലം കൊള്ളാത്തവരുടെ നിരതദ്രവ്യം തിരികെ നൽകുന്നതാണ്. ലേലം ചെയ്യപ്പെടുന്ന വാഹനങ്ങൾ ലേലത്തിന് മുൻപുള്ള പതിനഞ്ച് പ്രവർത്തി ദിവസങ്ങളിൽ രാവിലെ പത്ത് മണിക്കും വൈകിട്ട് അഞ്ചു മണിക്കും ഇടയിൽ തിരുവനന്തപുരം സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയൻ ട്രാൻസ്പോർട്ട് ആഫീസറുടെ മുൻകൂർ അനുമതിയോടുകൂടി നേരിട്ട് പരിശോധിക്കാവുന്നതാണ്.

ടി വാഹനങ്ങളുടെ വിൽപ്പനയ്ക്ക് ദർഘാസുകൾ നേരിട്ടോ തപാൽമാർഗ്ഗമോ 12-4-2021-ാം തീയതി തിങ്കളാഴ്ച്ച വൈകുന്നേരം 4 മണിക്ക് മുമ്പായി തിരുവനന്തപുരം സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയൻ, ഊളംപ്പാറ പി. ഒ. പേരൂർക്കട, തിരുവനന്തപുരം എന്ന വിലാസത്തിൽ എത്തിക്കേണ്ടതാണ്. ദർഘാസിനൊപ്പം ഓരോ വാഹനത്തിനും നിരതദ്രവ്യമായി മേൽപ്പറഞ്ഞ നിരക്കിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരുവനന്തപുരം സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയൻ മേധാവിയുടെ പേരിൽ വാങ്ങിയ ഡിമാൻഡ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. നിശ്ചിത നിരതദ്രവ്യം ഇല്ലാത്ത ദർഘാസുകൾ നിരുപാധികം നിരസിക്കുന്നതാണ്. ദർഘാസുകൾ അടക്കം ചെയ്ത കവറിനുമുകളിൽ വാഹനത്തിന്റെ നമ്പരോടുകൂടി ''വാഹനലേലത്തിനുള്ള ടെൻഡർ" എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതും ഓരോ വാഹനത്തിനുമുള്ള ദർഘാസുകൾ പ്രത്യേക കവറുകളിൽ അയയ്ക്കേണ്ടതുമാണ്.

പരസ്യ ലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിലോ ടെണ്ടറിലോ കൂടുതൽ തുക രേഖപ്പെടുത്തിയിട്ടുള്ള ആൾക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതാണ്. ലേലം കഴിഞ്ഞാലുടൻ ലേലം/ടെണ്ടർ സംഖ്യയുടെ പകുതി തുക (നിരതദ്രവ്യം കഴിച്ച്) മുഴുവൻ തുകയുടെയും നിയമാനുസൃതമായ നികുതിയും സെസും എന്നിവ ലേലം കൊണ്ടയാൾ ലേല സ്ഥലത്ത് വച്ച് അപ്പോൾ തന്നെ അടച്ച് രസീത് വാങ്ങേണ്ടതാണ്. തിരുവനന്തപുരം സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയൻ മേധാവിയുടെ ലേലം ഉറപ്പിച്ചുകൊണ്ടുള്ള ഉത്തരവ് കിട്ടി 10 ദിവസത്തിനകം ബാക്കിയുള്ള തുകയും നിയമാനുസൃതമായി അടച്ച് സ്വന്തം ഉത്തരവാദിത്വത്തിൽ ലേലം കൊണ്ട വാഹനങ്ങൾ ഈ ബറ്റാലിയനിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.

ലേലം കൊണ്ടയാൾ ഈ നിബന്ധനകൾ ലംഘിച്ചാൽ ബന്ധപ്പെട്ടയാളുടെ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും വാഹനം പുനർലേലം നടത്തുന്നതുമാണ്. പുനർ ലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതിന് ആദ്യം ലേലം കൊണ്ടയാൾ ഉത്തരവാദിയാകുന്നതും നഷ്ടപ്പെട്ട സംഖ്യ ടിയാനിൽ നിന്ന് ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതുമാണ്. പുനർ ലേലത്തിൽ കൂടുതൽ തുകയ്ക്ക് ലേലം ഉറപ്പിക്കുകയാണെങ്കിൽ കൂടുതലായി കിട്ടുന്ന തുകയ്ക്ക് ടിയാന് അർഹത ഇല്ലാത്തതുമാകുന്നു. ലേലം സംബന്ധിച്ച് (ലേല സമയത്തും അതിനുശേഷവും) സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയൻ മേധാവി എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും. യാതൊരു കാരണവും കാണിക്കാതെ ഈ നോട്ടീസിൻ പ്രകാരമുള്ള ലേലം മാറ്റി വയ്ക്കുന്നതിനും ലേലം/ദർഘാസ് വില്പന അസ്ഥിരപ്പെടുത്തുന്നതിനുമുള്ള പൂർണ്ണ അധികാരം കമാണ്ടന്റ്, സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയനിൽ നിക്ഷിപ്തമാണ്.

സ്പെഷ്യൽ ആംഡ് പോലീസ് ഓഫീസ്, (ഒപ്പ്)
തിരുവനന്തപുരം. **കമാണ്ടന്റ്.**

---

ടെണ്ടർ നോട്ടീസ്

[നമ്പർ 07/2021]

നമ്പർ ഇ1-15360/2021/സിസി. 2021 മാർച്ച് 9.

കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയത്തിലെയും സബ് യൂണിറ്റുകളിലെയും ലേസർ ജെറ്റ് പ്രിന്ററുകളുടെ അറ്റകുറ്റ പണികളും ടോണർ റീ ഫില്ലിങ്ങും 2021-2022 സാമ്പത്തിക വർഷത്തിൽ നടത്തുന്നതിനായി താല്പര്യമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ടെണ്ടറുകൾ ക്ഷണിക്കുന്നു. ടെണ്ടർ ഫോറത്തിൽ ചുവടെ കാണിച്ചിരിക്കുന്ന സാധനങ്ങളുടെ വില രേഖപ്പെടുത്തി "കോഴിക്കോട് സിറ്റി ജില്ലാ പോലീസ്-കമ്പ്യൂട്ടർ ലേസർജെറ്റ് പ്രിന്ററുകളിൽ ടോണർ റീ ഫിൽ ചെയ്യുന്നതിനുള്ള അപേക്ഷ" എന്ന് രേഖപ്പെടുത്തിയ മുദ്രവച്ച കവറിൽ ഉള്ളടക്കം ചെയ്ത് ടെണ്ടർ ഫോമുകൾ 24-3-2021-ാം തീയതിക്ക് മുമ്പായി ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയം, കോഴിക്കോട് സിറ്റി, മാനാഞ്ചിറ, കോഴിക്കോട്-673 001 എന്ന മേൽവിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന ടെണ്ടർ അപേക്ഷകൾ, ടെണ്ടർ നൽകിയ വ്യക്തികളുടെയോ അവർ ചുമതലപ്പെടുത്തുന്ന വ്യക്തികളുടെയോ സാന്നിധ്യത്തിൽ 25-3-2021-ാം തീയതി 3 മണിക്ക് ജില്ലാ പോലീസ് ഓഫീസിൽ വച്ച് തുറക്കുന്നതായിരിക്കും.

ടെണ്ടറിൽ പങ്കെടുക്കാൻ താല്പര്യമുള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ടെണ്ടർ ഫോറം സംസ്ഥാന സർക്കാരിന്റെ ബന്ധപ്പെട്ട വെബ്സൈറ്റായ keralapolice.gov.in-ൽ നിന്നും എടുക്കാവുന്നതാണ്.

| ക്രമ നമ്പർ | തുക രേഖപ്പെടുത്തേണ്ട ഇനം |
|---|---|
| 1 | ടോണർ |
| 2 | മഷി ബ്ലാക്ക് |
| 3 | കാട്രിഡ്ജ് |
| 4 | ബ്ലേഡ് |
| 5 | ഡ്രം |
| 6 | എം.ആർ.എസ്. |
| 7 | പി.സി.ആർ. |
| 8 | സ്ലീവ് |
| 9 | പ്രഷർ റോളർ |
| 10 | പേപ്പർ സെൻസർ |
| 11 | പിക്ക് അപ്പ് റോളർ |
| 12 | ലോജിക് ബോർഡ് സർവീസ് |

നിബന്ധനകൾ

1. ദർഘാസിൽ പങ്കെടുക്കുന്നവർ ഓരോ ദർഘാസിനും സമർപ്പിക്കുന്ന ആകെ തുകയുടെ 0.2% ദർഘാസ് ഫീസായി ജില്ലാ പോലീസ് ഓഫീസിൽ പണമായോ അല്ലെങ്കിൽ ജില്ലാ പോലീസ് മേധാവി, കോഴിക്കോട് സിറ്റി എന്ന പേരിൽ DD ആയോ ഇതുമായി ബന്ധപ്പെട്ട ശീർഷകത്തിൽ ട്രഷറി ചെലാൻ ആയോ അടവാക്കേണ്ടതാണ്.
2. ദർഘാസിൽ പങ്കെടുക്കുന്നവർ ഓരോ ദർഘാസിനും 1% ഏണസ്റ്റ് മണി ഡെപ്പോസിറ്റ് (EMD) ആയി ജില്ലാ പോലീസ് ഓഫീസിൽ പണമായോ അല്ലെങ്കിൽ ജില്ലാ പോലീസ് മേധാവി, കോഴിക്കോട് സിറ്റി എന്ന പേരിൽ DD ആയോ അടയ്ക്കേണ്ടതാണ്.
3. ദർഘാസ് ലഭിക്കുന്നവർ ₹ 200-ന്റെ മുദ്രപത്രത്തിൽ ധാരണാ പത്രം സമർപ്പിയ്ക്കേണ്ടതാണ്.
4. ദർഘാസ് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് കോഴിക്കോട് സിറ്റി ജില്ലാ പോലീസ് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.
5. കാരണം കാണിക്കാതെ ദർഘാസ് നടപടിക്രമങ്ങൾ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കോഴിക്കോട് ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

സിറ്റി പോലീസ് ഓഫീസ്,
കോഴിക്കോട്,

ഹേമലത, എം. ഐ.പി.എസ്.,
ഡെപ്യൂട്ടി പോലീസ് കമ്മീഷണർ,
(ജില്ലാ പോലീസ് മേധാവിക്ക് വേണ്ടി.)